ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അനുമോദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Donald Trump has been sworn in as the 47th President of the United States. Prime Minister Narendra Modi Congratulated the new president.**

2) യുവാക്കളാണ് രാജ്യത്തിന്റെ സമ്പത്തെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

**Defence Minister Rajnath Singh said that youth are the asset of the country.**

3) 55-മത് ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന് ദാവോസിൽ തുടക്കമായി.

**The 55th annual meeting of the World Economic Forum began at Davos.**

4) പത്തനംതിട്ട ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടി ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ട സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

**National Human Rights commission has taken suo motu cognizance of the reported sexual abuse of a girl from the SC community at Pathanamthitta district in Kerala.**

5) പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിിന്മേലുള്ള നന്ദി പ്രമേയ ചർച്ച ഇന്ന്.

**In the 13th session of the 15th Kerala Legislative Assembly, debate on the motion of thanks on the Governor's policy address speech will be held today.**

6) ഐസിസി അണ്ടർ 19 വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന്റെ രണ്ടാം പതിപ്പിൽ, ഇന്ത്യ ഇന്ന് മലേഷ്യയെ നേരിടും.

**In the second edition of the ICC U-19 Women's T20 Cricket World Cup, India will face Malaysia today.**

## TRUMP OATH (INTRO)

അമേരിക്കയുടെ 47-ാമത് പ്രസിഡന്റായി ഡൊണാൾഡ് ട്രംപ് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇത് രണ്ടാം തവണയാണ് അദ്ദേഹം അമേരിക്കൻ പ്രസിഡന്റ് ആകുന്നത്. ഇന്നലെ രാത്രി വാഷിംഗ്ടൺ ഡിസിയിലെ ക്യാപിറ്റോൾ റൊട്ടുണ്ടയിൽ നടന്ന ചടങ്ങിൽ ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സ് സത്യവാചകം ചൊല്ലിക്കൊടുത്തു. ജെ ഡി വാൻസ് വൈസ് പ്രസിഡന്റായും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാജ്യത്തെ പണപ്പെരുപ്പത്തിനും സാമ്പത്തിക പ്രതിസന്ധികൾക്കും കാരണം അമിത ചെലവും ഊർജത്തിന്റെ വിലക്കയറ്റവും ആണെന്ന് ട്രംപ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഇത് നിയന്ത്രിക്കുന്നതിനായി അദ്ദേഹം രാജ്യത്ത് ഊർജ്ജ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

(വോയിസ്)

യു.എസ് പ്രസിഡന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ പങ്കെടുത്തും.

## PM - TRUMP

അമേരിക്കൻ പ്രസിഡന്റായി ചുമതലയേറ്റ ഡൊണാൾഡ് ട്രംപിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യക്കും അതുപോലെ ലോകത്തിനും മികച്ച ഭാവി രൂപപ്പെടുത്തുന്നതിന് ഒരിക്കൽ കൂടി ഒരുമിച്ച് പ്രവർത്തിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നും ഒരു സമൂഹ മാധ്യമ പോസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു.

## VICE-PRESIDENT VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഏകദിന സന്ദർശനത്തിനായ് ഇന്ന് ഛത്തിസ്ഗഢിലെ റായ്പ്പൂരിലെത്തും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റായ്പ്പൂർ, ഭിലായ് ഐഐടി, റായ്പ്പൂർ ഐഐഎം എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുമായി അദ്ദേഹം സംവദിക്കും. **Ideas for building Better Bharat** എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് സംവാദം.

## DEFENCE-REPUBLIC DAY

രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യം, പ്രതിരോധ കരുത്ത് എന്നിവ വിളിച്ചോതുന്ന 2025 റിപ്പബ്ലിക് ദിന പരേഡിൽ ഇത്തവണ ഭരണഘടനയുടെ 75 വർഷം, ജനപങ്കാളിത്തം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകുമെന്ന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി രാജേഷ് കുമാർ. ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയോന്തോയാണ് ഇത്തവണ റിപ്പബ്ലിക് ദിനത്തിലെ അതിഥി. ഇന്തോനേഷ്യൻ സേനയുടെ 160 അംഗ സംഘത്തിന്റെ മാർച്ച് പാസ്റ്റും 190 പേരടങ്ങുന്ന ബാൻഡും കർത്തവ്യ പഥിൽ

നടക്കുന്ന പരേഡിൽ പങ്കെടുക്കുമെന്ന് അദ്ദേഹം അറിയിച്ചു. **Swarnim Bharat: Virasat aur Vikas** എന്ന പ്രമേയത്തിൽ വിവിധ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണപ്രദേശങ്ങൾ, കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ തുടങ്ങിയവയുടെ നിശ്ചല ദൃശ്യങ്ങൾ അണിനിരക്കുമെന്നും അദ്ദേഹം പറഞ്ഞു. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള സർപഞ്ചുകൾ ഉൾപ്പടെ ഏകദേശം 10,000 പേർ പ്രത്യേക അതിഥികളായി പരേഡ് വീക്ഷിക്കാനെത്തും.

## RAJNATH SINGH ( INTRO)

യുവാക്കളാണ് രാജ്യത്തിന്റെ സമ്പത്തെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്. ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡിനുള്ള എൻ സി സി ക്യാമ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നേതൃപാടവം, അച്ചടക്കം, അഭിലാഷം, ദേശഭക്തി തുടങ്ങിയവയിലൂടെ രാജ്യ നിർമാണത്തിൽ സംഭാവന ചെയ്യണമെന്ന് ശ്രീ രാജ്നാഥ് സിങ് പറഞ്ഞു.

(VOICE)

## WORLD ECONOMIC FORUM

55-മത് ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന് സ്വിറ്റ്സർലൻഡിലെ ദാവോസിൽ തുടക്കമായി. യോഗത്തിൽ 130-ലധികം രാജ്യങ്ങളിൽ നിന്നുള്ള മൂവായിരത്തോളം നേതാക്കൾ പങ്കെടുക്കും. ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്ര മന്ത്രിമാരായ അശ്വിനി വൈഷ്ണവ്, സിആർ പാട്ടീൽ, കെ. രാംമോഹൻ നായിഡു, ചിരാഗ് പാസ്വാൻ, കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി എന്നിവർ പങ്കെടുക്കും. അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിയിൽ, ഇന്ത്യയുടെ സമഗ്ര വളർച്ചയുടെയും ഡിജിറ്റൽ വിപ്ലവത്തിന്റെയും മാതൃക

ഉയർത്തിക്കാട്ടും. ഇന്ത്യയിലെ സാമ്പത്തിക പരിഷ്ക്കാരങ്ങളും അതിലൂടെ ഉണ്ടായ നിക്ഷേപങ്ങളും രാജ്യത്തെ ജിഡിപി 7 മുതൽ 8 ശതമാനം വരെ ഉയർത്തുമെന്ന് ലോക സാമ്പത്തിക ഫോറത്തിന്റെ പ്രസിഡൻറ് ബോർഗെ ബ്രൻറ്റെ അഭിപ്രായപ്പെട്ടു. ഒരു ഇന്ത്യൻ ടെലിവിഷൻ ചാനലിന് നൽകിയ അഭിമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

## NHRC - PATHANAMTHITTA CASE

പത്തനംതിട്ട ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടി ലൈംഗികമായി ചൂഷണം ചെയ്യപ്പെട്ട സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. ഇതുവരെയുള്ള റിപ്പോർട്ടുകൾ ശരിയാണെങ്കിൽ, ഇരയായ പെൺകുട്ടിക്ക് മനുഷ്യാവകാശലംഘനം നേരിടേണ്ടിവന്നുവെന്ന ഗുരുതരമായ പ്രശ്നം നിലനിൽക്കുന്നുണ്ടെന്ന് കമ്മീഷൻ നിരീക്ഷിച്ചു. അതിനാൽ, ഈ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറിക്കും ഡിജിപിക്കും നോട്ടീസ് അയച്ചിട്ടുണ്ട്. എഫ്ഐആർ, പെൺകുട്ടിയുടെ ആരോഗ്യം, റിപ്പോർട്ട് ചെയ്യപ്പെട്ട വിഷയത്തിൽ പെൺകുട്ടിക്ക് നൽകിയിട്ടുള്ള വൈദ്യസഹായം, കൗൺസിലിങ്, നഷ്ടപരിഹാരം എന്നിവയുടെ നിലവിലെ സ്ഥിതി ഉൾപ്പെടുത്തിയ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കാനാണ് നിർദേശം.

## PM- JANMAN CONFERENCE

പി എം ജൻമൻ പദ്ധതി ദേശീയ സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കും. കേന്ദ്ര ഗോത്രകാര്യ മന്ത്രി ജൂവൽ ഒറാം സമ്മേളനത്തിൽ പങ്കെടുക്കും. ഗ്രാമീണ വികസനം, അംഗനവാടികളുടെ പ്രവർത്തനം, കുടിവെള്ളം തുടങ്ങി 6 പ്രധാനപ്പെട്ട മേഖലകൾക്കാണ് സമ്മേളനത്തിൽ ഊന്നൽ നൽകുന്നത്. 18 സംസ്ഥാനങ്ങളിലെ 88 ജില്ലകളിൽ നിന്നുള്ള

പ്രതിനിധികൾ പി എം ജൻമൻ പദ്ധതി നടപ്പാക്കുന്നതിന്റെ മാർഗ രേഖ സംബന്ധിച്ച ചർച്ചകളിൽ പങ്കെടുക്കും. പദ്ധതി നടപ്പാക്കലും നയ രൂപീകരണവും തമ്മിലുള്ള വിടവ് പരിഹരിക്കുന്നതിനാണ് സമ്മേളനം ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര ഗോത്രകാര്യ മന്ത്രാലയം അറിയിച്ചു.

## MANDAVYA- SEMINAR

ഗിഗ് തൊഴിലാളികൾക്ക് ലേബർ ബോർഡ് ഉടൻ തന്നെ സാമൂഹിക സുരക്ഷഉറപ്പുവരുത്തുമെന്ന് കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ. സ്വയം തൊഴിൽ മേഖലയിലെ തൊഴിലാളികൾക്കായുള്ള സാമൂഹിക സുരക്ഷാ പരിരക്ഷ സംബന്ധിച്ച ദ്വിദിന അന്താരാഷ്ട്ര സെമിനാർ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവേചനമില്ലാതെ, എല്ലാ തൊഴിലാളികളുടേയും സാമൂഹിക സുരക്ഷയാണ് സർക്കാരിന്റെ മുൻഗണനയെന്ന് അദ്ദേഹം പറഞ്ഞു.

## KAVACHAM-CM

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ **കവചം** മുന്നറിയിപ്പ് സംവിധാനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും. അതോറിറ്റിയുടെ തിരുവനന്തപുരം കാര്യാലയത്തിലെ ചടങ്ങിൽ മന്ത്രി K രാജൻ അദ്ധ്യക്ഷനായിരിക്കും.

## NIYAMASABHA

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം തുടരുന്നു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി

രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ചയാണ് ഇന്നത്തെ സഭാ നടപടികളിൽ പ്രധാനം. ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കുന്നതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് ബോധവൽക്കരണ പരിപാടികൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക എന്നീ വിഷയങ്ങൾ സംബന്ധിച്ച് വകുപ്പ് മന്ത്രിമാരുടെ ശ്രദ്ധക്ഷണിക്കും.

മുഖ്യമന്ത്രി പിണറായി വിജയൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് ഇന്ന് സഭയിൽ സമർപ്പിക്കും. കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ ഇന്ന് പരിഗണിക്കും. യു.ജി.സി. ഈ മാസം 6 ന് പുറപ്പെടുവിച്ച കരട് മാനദണ്ഡങ്ങൾ പിൻവലിച്ച് പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഇന്ന് അവതരിപ്പിക്കും.

## CRICKET- U19 WOMEN'S T20 WC

ഐസിസി അണ്ടർ 19 വനിതാ ടി-20 ക്രിക്കറ്റ് ലോകകപ്പിന്റെ രണ്ടാം പതിപ്പിൽ, ഇന്ത്യ ഇന്ന് ആതിഥേയരായ മലേഷ്യയെ നേരിടും. ഉച്ചയ്ക്ക് ക്വാലാലംപൂരിൽ ആണ് മത്സരം. മറ്റൊരു മത്സരത്തിൽ, വെസ്റ്റ് ഇൻഡീസ് ശ്രീലങ്കയുമായി ഏറ്റുമുട്ടും. കഴിഞ്ഞ ദിവസം വെസ്റ്റ് ഇൻഡീസിനെതിരെ 9 വിക്കറ്റിന്റെ വിജയത്തോടെയാണ് ഇന്ത്യ ടൂർണമെന്റ് ആരംഭിച്ചത്.

## TENNIS-AUSTRALIAN OPEN

ഓസ്ട്രേലിയൻ ഓപ്പൺ ടെന്നീസ് ടൂർണമെന്റിന്റെ മിക്സഡ് ഡബിൾസ് ക്വാർട്ടർ ഫൈനലിൽ, ഇന്ത്യ-ചൈന ജോഡികളായ രോഹൻ ബൊപ്പണ്ണ-ഷാങ് ഷുവായ് സഖ്യം പ്രവേശിച്ചു. ഇന്ന് നടക്കുന്ന കളിയിൽ ഓസ്ട്രേലിയൻ ജോഡികളായ ജോൺ പിയേഴ്സ്-ഒലിവിയ ഗഡെക്കി സഖ്യത്തെ ഇവർ നേരിടും. പുരുഷ

സിംഗിൾസിൽ, സെർബിയയുടെ നൊവാക് ജോക്കോവിച്ച് ഇന്ന് സ്പെയിനിന്റെ കാർലോസ് അൽകാരാസിനെ നേരിടും.

## UTTARAKHAND- NATIONAL GAMES

ഈ മാസം 28 മുതൽ ഉത്തരാഖണ്ഡിൽ ആരംഭിക്കുന്ന 38-മത് ദേശീയ ഗെയിംസിൽ കേരളം 29 കായിക ഇനങ്ങളിൽ പങ്കെടുക്കും. 451 താരങ്ങളാണ് സംസ്ഥാനത്ത് നിന്ന് ഗെയിംസിൽ മാറ്റുരയ്ക്കുക.

## DELHI ASSEMBLY POLLS

ഡൽഹിയിൽ 70 അംഗ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. ഇന്നലെയായിരുന്നു നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന തീയതി. അടുത്തമാസം 5 ന് വോട്ടെടുപ്പും, 8 ന് വോട്ടെണ്ണലും നടക്കും.

## KUDUMBASREE-MB RAJESH

ലോകത്തിന് കേരളം സമ്മാനിച്ച സ്ത്രീ ശാക്തീകരണത്തിന്റെ അതുല്യ മാതൃകയാണ് കുടുംബശ്രീ എന്ന് മന്ത്രി MB രാജേഷ്. ചെങ്ങന്നൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ 11-മത് കുടുംബശ്രീ ദേശീയ സരസ് മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

## WB-R G KAR- SENTENCE

കൊൽക്കത്ത ആർജി കർ മെഡിക്കൽ കോളേജിലെ ബലാത്സംഗ കൊലപാതക്കേസിൽ മുഖ്യപ്രതി സഞ്ജയ് റോയിയ്ക്ക് ജീവപര്യന്തം തടവ് ശിക്ഷ. സീൽദയിലെ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. പെൺകുട്ടിയുടെ കുടുംബത്തിന് സംസ്ഥാന സർക്കാർ 17 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും കോടതി പറഞ്ഞു.

ദേശീയ വനിതാ കമ്മീഷൻ വിധിയെ സ്വാഗതം ചെയ്തു. സമൂഹത്തിൽ നീതി ബോധം വളർത്തുന്നതിനും കുറ്റക്കാർ ഉറപ്പായി ശിക്ഷിക്കപ്പെടുമെന്ന ഓർമ്മപ്പെടുത്തലാണ് വിധി പ്രസ്താവമെന്നും കമ്മീഷൻ പറഞ്ഞു. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒമ്പതിന് ആർജി കാർ മെഡിക്കൽ കോളേജിലെ സെമിനാർ ഹാളിൽ നിന്നാണ് ഡോക്ടറുടെ മൃതദേഹം കണ്ടെടുത്തത്.

## TRAINS DELAYED

ഡൽഹിയിലെ മൂടൽ മഞ്ഞ് ട്രെയിൻ ഗതാഗതത്തെ സാരമായി ബാധിച്ചു. രാജ്യതലസ്ഥാനത്തേക്കുള്ള 19 ട്രെയിനുകൾ മണിക്കൂറുകൾ വൈകി ഓടുന്നതായി ഇന്ത്യൻ റെയിൽവേ അറിയിച്ചു. ട്രെയിനുകളുടെ തത്സമയ വിവരങ്ങൾ യാത്രയ്ക്ക് മുമ്പായി പരിശോധിക്കണമെന്ന് റെയിൽവേ അഭ്യർത്ഥിച്ചു.